**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2585** **17-03-2022 - ൽ മറുപടിയ്ക്ക്**

**കരകൗശല വികസന കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥാപനങ്ങളുടെ സ്വന്തം ചെലവിൽ സമ്മാനങ്ങളോ പാരിതോഷികങ്ങളോ നൽകുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | നിലവിലില്ല |
| (ബി) | കരകൗശല വികസന കോർപ്പറേഷനിൽ 1.8.2016 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ ലക്ഷക്കണക്കിന് രൂപയുടെ കരകൗശല ഉൽപ്പന്നങ്ങളും മറ്റും സമ്മാനങ്ങൾ നൽകാൻ എന്നപേരിൽ ഉദ്യോഗസ്ഥർ എടുത്തു കൊണ്ടുപോയതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | പ്രസ്തുത കാലയളവിൽ ഓരോ വർഷവും എത്ര തുകയുടെ സമ്മാനങ്ങൾ സൗജന്യമായി നൽകിയെന്നും സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാണോ ഇവ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (സി) | പ്രസ്തുത കാലയളവിൽ സമ്മാനങ്ങളൊന്നും സൗജന്യമായി നൽകിയിട്ടില്ല |
| (ഡി) | പ്രസ്തുത കാലയളവിൽ ഓരോ വർഷവും വിൽപന വിലയിൽ 250 രൂപയിൽ കൂടിയ എത്ര രൂപയുടെ സമ്മാനങ്ങൾ സൗജന്യമായി നൽകിയിരുന്നുവെന്നും ആർക്കൊക്കെയാണ് നൽകിയതെന്നും വെളിപ്പെടുത്താമോ? | (ഡി) | പ്രസ്തുത കാലയളവിൽ സമ്മാനങ്ങളൊന്നും സൗജന്യമായി നൽകിയിട്ടില്ല |

സെക്ഷൻ ഓഫീസർ